**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4031** **15-07-2022 - ൽ മറുപടിയ്ക്ക്**

**പെർഫോമൻസ് ഓഡിറ്റ് വിഭാഗം തുടരുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനമെടുക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ഗ്രാമപഞ്ചായത്ത് വകുപ്പിലേയ്ക്ക് മാത്രമായി പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലില്ല.എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും കീഴിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്. 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത സമ്പ്രദായം നിർത്തലാക്കുമെന്ന് അന്നത്തെ ബഹു. ധന കാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. ആയതിന്മേലുള്ള പരിശോധനകളും തുടർ നടപടികളും തദ്ദേശ സ്വയം ഭരണ വകുപ്പ് തലത്തിൽ നടന്നു വരികയാണ്. ഇതിനിടയിൽ 4ാം ഭരണ പരിഷ്കാര കമ്മീഷന്റെ 9ാം റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25/05/2022 തീയതിയിൽ സ.ഉ.(കൈ)നം 9/2022/പി.& എ.ആർ.ഡി ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഇനം നമ്പർ 11 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിക്കുന്ന സാഹചര്യത്തിലും ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം തുടരേണ്ടതില്ലെന്ന് നിർദ്ദേശിച്ചും ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ഇതിന്റെ തുടർച്ചയായി തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിച്ചു കൊണ്ടുള്ള കരട് വിശേഷാൽ ചട്ടങ്ങൾക്ക് അംഗീകാരം നൽകുമ്പോൾ വകുപ്പിനകത്ത് പെർഫോമൻസ് ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലെ ഉദ്യോഗസ്ഥരെ ഏകീകൃത സർവ്വീസിലേയ്ക്ക് ഉൾപ്പെടുത്തുകയും ഗ്രാമപഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരായി പുനർനാമകരണം നടത്തുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്ത് ഉൾപ്പടെയുള്ള തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള സംവിധാനങ്ങളിലെ ഭരണ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനാണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത് |
| (ബി) | പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർത്തലാക്കുന്നത് പഞ്ചായത്ത് ഭരണ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത വിഭാഗം തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഗ്രാമപഞ്ചായത്ത് വകുപ്പിലേയ്ക്ക് മാത്രമായി പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലില്ല.എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും കീഴിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്. 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത സമ്പ്രദായം നിർത്തലാക്കുമെന്ന് അന്നത്തെ ബഹു. ധന കാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. ആയതിന്മേലുള്ള പരിശോധനകളും തുടർ നടപടികളും തദ്ദേശ സ്വയം ഭരണ വകുപ്പ്തലത്തിൽ നടന്നു വരികയാണ്. ഇതിനിടയിൽ 4ാം ഭരണ പരിഷ്കാര കമ്മീഷന്റെ 9ാം റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25/05/2022 തീയതിയിൽ സ.ഉ.(കൈ)നം 9/2022/പി.& എ.ആർ.ഡി ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഇനം നമ്പർ 11 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിക്കുന്ന സാഹചര്യത്തിലും ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം തുടരേണ്ടതില്ലെന്ന് നിർദ്ദേശിച്ചും ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ഇതിന്റെ തുടർച്ചയായി തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിച്ച് കൊണ്ടുള്ള കരട് വിശേഷാൽ ചട്ടങ്ങൾക്ക് അംഗീകാരം നൽകുമ്പോൾ വകുപ്പിനകത്ത് പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിലെ ഉദ്യോഗസ്ഥരെ ഏകീകൃത സർവ്വീസിലേയ്ക്ക് ഉൾപ്പെടുത്തുകയും ഗ്രാമപഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | നടത്തുന്ന പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരെ ഇന്റേണൻ വിജിലൻസ് ഓഫീസർമാരായി പുനർനാമകരണം നടത്തുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്ത് ഉൾപ്പടെയുള്ള തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള സംവിധാനങ്ങളിലെ ഭരണ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനാണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ